യോഹ. 12, 20-28

വി. അൽഫോൻസാ-ഈശോയുടെ ഗോതമ്പുമണി.

ഒരു ഗോതമ്പുമണി എത്രനാൾ കേടുകൂടാതിരിക്കും? പറഞ്ഞകേട്ടിട്ടുള്ള ഒരു കഥ യിങ്ങനെ: 4000 വർഷം പഴക്കമുള്ള ഒരു ഈജിപ്ഷ്യൻ മമ്മിയിൽ നിന്ന് ഏതാനും ഗോത മ്പുമണികൾ കടെടുത്തു. വെറുതെ ഒരു നേരമ്പോക്കിന് അതു മണ്ണിൽ കുഴിച്ചിട്ടു നോക്കി. ഇത്രയും പഴക്കമുള്ള ഗോതമ്പ് പ നശിച്ചു കഴിഞ്ഞിരിക്കും എന്നു വിചാരിച്ച ശാസ്ത്ര ത്തിന് തെറ്റി. ആരെയും അത്ഭുതപ്പെടുത്തിക്കൊ് ഗോതമ്പുമണികൾ മുളച്ചുപൊന്തി. പിൽക്കാലത്ത് നല്ല ഫലം നൽകുകയും ചെയ്തത്രേ. നാലായിരം വർഷം മമ്മിയായിക്ക ഴിഞ്ഞ ഗോതമ്പുമണികൾ നശിച്ചില്ലെന്നുമാത്രമല്ല, അനുകൂലമായ സാഹചര്യത്തിൽ അതിന്റെ പൂർണ്ണതയിലേയ്ക്കെത്തുകയും ചെയ്തു.

ഇന്നത്തെ സുവിശേഷഭാഗവും ഗോതമ്പുമണിയെപ്പറ്റിയുള്ള ഗുരുമൊഴികളാണ്. മാത്രവുമല്ല, കേരളസഭയുടെ പൊന്നോമനപുത്രി സി. അൽഫോൻസാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട പുണ്യദിവസവും. ഈ തിരുവചനങ്ങൾക്ക് വി. അൽഫോൻസാമ്മയുടെ ജീവിതവും അവർ നൽകിയ സന്ദേശവുമായി അഭേദ്യമായ ബന്ധമു്.

ഒരു മനുഷ്യൻ എത്ര വർഷം ജീവിക്കും? അറുപതോ എഴുപതോ. കൂടിവന്നാൽ എൺപത് എന്ന് സങ്കീർത്തകൻ. ഒരു മനുഷ്യായുസ്സുകൊ് വളരെയേറെ നന്മകൾ ചെയ്യാ നാകും. വിശുദ്ധരുടേയും മഹാന്മാരുടെയും ജീവിതം പഠിപ്പിക്കുന്ന പാഠവുമതുതന്നെ. പക്ഷെ, ഗോതമ്പുമണിയുടെ ഉപമ നൽകി തമ്പുരാൻ പഠിപ്പിക്കുന്ന പുതിയ പാഠമു്: ഫലം ചൂടാൻ സ്വയം ഇല്ലാതാവണം. ഞാൻ ഇല്ലാതാകാൻ മനസ്സുവയ്ക്കുമ്പോൾ എന്നിലൂടെ ലോകത്തിനു നന്മകൾ കൈവരും. മെഴുകുതിരുയുടെ കാര്യം പോലെതന്നെയാണ് ജീവിതവും.

മനുഷ്യർ രുതരത്തിലു്. അകം പരമപ്രധാനമായി കാണുന്നവരും, പുറം പരമപ്രധാനമായി കാണുന്നവരും. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ ശരീരത്തെയും സമ്പത്തിനെയും സ്നേഹിക്കുന്നവരും, ആത്മീയകാര്യങ്ങൾക്ക് പ്രാമുഖ്യം നല്കുന്നവുരും.

ഗോതമ്പുമണിക്കുമു് ര് ഭാഗങ്ങൾ. കട്ടിയേറിയ ഭംഗിയുള്ള പുറംതോടും,. മൃദുവായതും ആകൃതിയില്ലാത്തതും ആരും കാണാത്തതുമായ അകവും. തിരുവചനം പറയുന്നത് ഗോതമ്പുമണിയഴിയണമെന്നാണ്. അഴിയുന്നിടത്തേ പുതിയ ഒരു മുളയ്ക്കു സാധ്യതയുള്ളു. അതാവട്ടെ, എന്റെ ഇല്ലായ്മകളിലൂടെ ഭൂമിയിൽ സംഭവിക്കാനിരിക്കുന്ന നന്മകളുടെ പരമ്പരയുടെ ആദ്യപടിയാണെന്നുകൂടി ഓർക്കണം. വി. അൽഫോൻസാമ്മ ഇവിടെയൊരു പാഠംമാവുകയാണ്. സൗന്ദര്യത്തിലും, സമ്പത്തിലും അവളേറെമുമ്പിലായിരുന്നു. ഒന്നു വിചാരിച്ചിരുന്നെങ്കിൽ ആ നാട്ടിലെ ഒരു വലിയ ധനികന്റെ പ്രതാപിയായ ഭാര്യയായി മരണം വരിക്കാമായിരുന്നു. അതുവേ എന്നു വച്ചിടത്ത്, ഗോതമ്പുമണി മണ്ണിലും വെള്ളത്തിലും കിടന്ന് തന്റെ സുന്ദരമായ പുറതോട് നശിപ്പിക്കാൻ വിട്ടുകൊടുക്കുകയായിരുന്നു. തന്റെ സൗന്ദര്യം സന്യാനപ്രവേശനത്തിന് തടസ്സമാകുമെന്ന് ക് അഗ്നികുണ്ഠത്തിലേയ്ക്ക് കാൽ വച്ചപ്പോഴും അന്നക്കുട്ടിയുടെ മനസ്സിൽ അഴിയാനുള്ള മനസ്സായിരുന്നിരക്കണം.

അഴിയുക എന്നത് അത്രഭംഗിയുള്ള കാര്യമൊന്നുമല്ല. നിറം പോകും, ബലം പോകും, ദുർഗന്ധമുാകും, ആകൃതി നഷ്ടപ്പെടും, മലിനമായ മണ്ണിൽ കിടക്കണം... പക്ഷെ

എല്ലാറ്റിനുമപ്പുറത്ത് എന്നിലൂടെ ദൈവമാഗ്രഹിക്കുന്ന ജീവന്റെ സമൃദ്ധി. അൽഫോൻസാമ്മ ഇങ്ങനെയെഴുതി, "പൂന്തോട്ടത്തിൽ വീഴുന്ന വെട്ടിലയും, വട്ടയിലയുമാണ് ഞാൻ. അഴുകിയഴുകി ഞാൻ വളമായിതീരട്ടെ".

എന്റെ സമ്പത്ത്, സൗന്ദര്യം, വീട്, പ്രശസ്തി, സുഖസൗകര്യങ്ങൾ, സുഹൃത് വലയങ്ങൾ.. മറുപുറത്ത് വേദനകൾ, രോഗം, കുറ്റാരോപണങ്ങൾ, ഏകാന്തത, വേദനതിന്നുള്ള മരണം. സുഹൃത്തേ, തീരുമാനം എന്റേതുമാത്രം.....!

ഡീ. അജോ രാമച്ചനാട്ട്